**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല — തലയാഴം ഗ്രാമപഞ്ചായത്ത്- 2007-08, 2010-11, 2011-12, 2013-14 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3.6, 3.3, 3.10, 3.4 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ 6,27,000/- (ആറു ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപാ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.1552/17/തസ്വഭവ. തിരുവനന്തപുരം, തീയതി;12/05/17

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 30/03/2016-ലെ എം3/8343/2016 നമ്പർ കത്ത്.

2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20/09/16-ലെ കെ.എസ്. എ.6227/പി.റ്റി.1/2016 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2007-08, 2010-11, 2011-12, 2013-14 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ യഥാക്രമം 3.6, 3.3, 3.10, 3.4 എന്നിവ പ്രകാരം 6,27,000/- രൂപാ (ആറു ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപ മാത്രം) തടസ്സപ്പെടുത്തിയിട്ടുണ്ട്. 2007-08 വർഷം ഐ.എ.വൈ. അധികവിഹിതം ജനറൽ എസ്.സി.പി. വിഭാഗങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് നല്കിയെങ്കിലും ഗുണഭോക്താക്കൾ ആവശ്യത്തിന് ഇല്ലാതിരുന്നതിനാൽ ബ്ലോക്കിൽ നിന്നും പഞ്ചായത്തിന് മടക്കി ലഭിച്ച തുക, സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക, 2013-14 വർഷത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധികസഹായം ചെയ്തതിനാലുമാണ് പ്രസ്തുത തുക തടസ്സപ്പെടുത്തിയത്. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4/08/2015-ലെ VII(9)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ ശുപാർശ, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നല്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. തനത്ഫണ്ടിൽ നിക്ഷേപിച്ച 6,27,000/-രൂപ 2013-14 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയ്ക്കായിത്തന്നെ ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചുവെന്നും, തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ച ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം 2013-14 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയ്ക്ക് മാത്രമായി ചെലവഴിച്ചതിനാലും വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയതിനാലും ഓഡിറ്റ് പരാമർശങ്ങൾക്ക് സാധൂകരണം നല്കുന്നതിൽ എതിരഭിപ്രായമില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ച ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം 2013-14 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയ്ക്ക് മാത്രമായി ചെലവഴിച്ചത്, വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയത്, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും അനുകൂല ശുപാർശ, സാധൂകരണം നല്കുന്നതിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നത് തുടങ്ങിയ വസ്തുതകൾ പരിഗണിച്ച് തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2007-08, 2010-11, 2011-12, 2013-14 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3.6, 3.3, 3.10, 3.4 എന്നിവയിൽ ക്രമവിരുദ്ധമായി ചെലവഴിച്ചതായി

പരാമർശിച്ച് തടസ്സപ്പെടുത്തിയിട്ടുള്ള 6,27,000/- (ആറു ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപാ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഷിബു.എ.ടി.**
**അണ്ടർ സെക്രട്ടറി**

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, തലയാഴം ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**